പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്തചോദ്യം നം. 2145 | 06/02/2019 ൽ മറുപടി നല്കേണ്ടത്. |

## ഭക്ഷ്യോല്പന്നങ്ങളുടെ പരിശോധന

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ. ഐ. സി. ബാലകൃഷ്ണൻ** | | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ** (ആരോഗ്യവും സാമൂഹ്യ നീതിയും വനിത - ശിശുവികസനവും വകുപ്പ് മന്ത്രി) |
| എ) | ആരാധനാലയങ്ങൾ ഉൾപ്പെടെ രാജ്യത്തിന്റെ പല ഭാഗങ്ങളിലും ഭക്ഷ്യ വിഷബാധ ഉണ്ടാകുന്ന സാഹചര്യത്തിൽ ഭക്ഷ്യ സുരക്ഷാ നിയമം ഫലപ്രദമായി നടപ്പിലാക്കണമെന്ന് കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ; | എ) | ആരാധനാലയങ്ങൾ ഉൾപ്പെടെ രാജ്യത്തിന്റെ പല ഭാഗങ്ങളിലും ഭക്ഷ്യ വിഷബാധ ഉണ്ടാകുന്ന സാഹചര്യത്തിൽ ഭക്ഷ്യ സുരക്ഷാ നിയമം ഫലപ്രദമായി നടപ്പിലാക്കണമെന്ന് കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. ഫുഡ് സേഫ്റ്റി & സ്റ്റാൻഡേർഡ് അതോറിറ്റി ഓഫ് ഇൻഡ്യയുടെ "BHOG" (Blissfull Hygienic Offering to God) എന്ന പദ്ധതി പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ടതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ ഭക്ഷ്യ സുരക്ഷാ വകുപ്പ് എല്ലാ ആരാധാനാലയങ്ങളുടെയും പ്രതിനിധികളുമായി പ്രാരംഭ ചർച്ച നടത്തി വരുന്നു.<br>ഭക്ഷണ പദാർത്ഥങ്ങൾ വിതരണം ചെയ്യുന്ന ആരാധനാലയങ്ങൾ "BHOG" പദ്ധതിയുടെ അടിസ്ഥാനത്തിൽ രജിസ്ട്രേഷൻ/ ലൈസൻസ് എടുക്കാൻ നിർദ്ദേശം നൽകി |

| | | | |
|---|---|---|---|
| | | | യിട്ടുണ്ട്. ജില്ലാതലത്തിൽ "BHOG" നടപ്പിലാക്കുന്നതിലേയ്ക്കായി ജില്ലാ കളക്ടറുമാരുമായി ഭക്ഷ്യ സുരക്ഷാ അസിസ്റ്റന്റ് കമ്മീഷണർമാർ ചർച്ചകൾ നടത്തിവരുന്നു. |
| ബി) | ആരാധാനാലയങ്ങളിൽ വിതരണം ചെയ്യുന്ന പ്രസാദം ഉൾപ്പെടെയുള്ള ഭക്ഷ്യോല്പന്നങ്ങളുടെ പരിശോധന നിലവിൽ കാര്യക്ഷമമായി നടത്തുന്നുണ്ടോ; | ബി) | കേരളത്തിൽ ശബരിമലയിൽ കഴിഞ്ഞ എട്ട് വർഷമായി പ്രസാദമായി വിതരണം ചെയ്യുന്ന ഭക്ഷ്യ വസ്തുക്കളുടെയും അവ നിർമ്മിക്കാനായി ഉപയോഗിക്കുന്ന അസംസ്കൃത വസ്തുക്കളുടെയും പരിശോധന ബഹുമാനപ്പെട്ട കേരളഹൈക്കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഭക്ഷ്യ സുരക്ഷാ വകുപ്പ് ... നടത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | യിട്ടുണ്ട്. ജില്ലാതലത്തിൽ "BHOG" നടപ്പിലാക്കുന്നതിലേയ്ക്കായി ജില്ലാ കളക്ടറുമാരുമായി ഭക്ഷ്യ സുരക്ഷാ അസിസ്റ്റന്റ് കമ്മീഷണർമാർ ചർച്ചകൾ നടത്തിവരുന്നു. |
| ബി) | ആരാധാനാലയങ്ങളിൽ വിതരണം ചെയ്യുന്ന പ്രസാദം ഉൾപ്പെടെയുള്ള ഭക്ഷ്യോല്പന്നങ്ങളുടെ പരിശോധന നിലവിൽ കാര്യക്ഷമമായി നടത്തുന്നുണ്ടോ; | ബി) | കേരളത്തിൽ ശബരിമലയിൽ കഴിഞ്ഞ എട്ട് വർഷമായി പ്രസാദമായി വിതരണം ചെയ്യുന്ന ഭക്ഷ്യ വസ്തുക്കളുടെയും അവ നിർമ്മിക്കാനായി ഉപയോഗിക്കുന്ന അസംസ്കൃത വസ്തുക്കളുടെയും പരിശോധന ബഹുമാനപ്പെട്ട കേരളഹൈക്കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഭക്ഷ്യ സുരക്ഷാ വകുപ്പ് കാര്യക്ഷമമായി നടത്തിയിട്ടുണ്ട്. |
| സി) | ആരാധനാലയങ്ങളിൽ അന്നദാനം നടത്തുന്നതിന് ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ ലൈസൻസ് നിർബന്ധമാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ? | സി) | ആഹാരം വിതരണം ചെയ്യുന്ന എല്ലാ ഇടങ്ങളിലും ഭക്ഷ്യസുരക്ഷാ ലൈസൻസ്/ രജിസ്ട്രേഷൻ നേടേണ്ടത് നിയമപരമായ ബാധ്യതയാണ്. |

സെക്ഷൻ ഓഫീസർ